**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** — **12-09-2023 - ൽ മറുപടിയ്ക്ക്**

**മിശ്രിത രാസവള യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര രാസവള മന്ത്രാലയം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര മിശ്രിത രാസവള യൂണിറ്റുകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നും എന്ത് കാരണത്താലാണ് ലൈസൻസ് റദ്ദാക്കപ്പെട്ടതെന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര രാസവള മന്ത്രാലയം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 25 മിശ്രിത രാസവള യൂണിറ്റുകളുടെ ലൈസൻസ് ചുവടെ ചേർത്തിരിക്കുന്ന വിവിധ കാരണങ്ങളാൽ റദ്ദാക്കിയിട്ടുണ്ട്:<br><br>കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസേഴ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ, അതായത് ഒരു മാസം അനുവദനീയമായ സബ്സിഡൈസ്ഡ് വളത്തിന്റെ തോതായ 25 ശതമാനത്തിൽ കൂടുതൽ ഉപയോഗിച്ചതിന്, ഒരു ദിവസം 500 ൽ കൂടുതൽ ബാഗ് വളം ഉപയോഗിച്ചത്.<br><br>ചില്ലറ, മൊത്ത വില്പന, വളം മിക്സിങ് യൂണിറ്റ് എന്നിവയുടെ വളത്തിന്റെ സ്റ്റോക്ക് വേർതിരിച്ചു വെക്കാത്തത്.<br><br>ചില്ലറ, മൊത്ത വില്പന, വളം മിക്സിങ് യൂണിറ്റ് എന്നിവയുടെ വളത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കാത്തത്.<br><br>ലൈസൻസിൽ അനുവദിച്ചിട്ടില്ലാത്ത വളങ്ങൾ സ്റ്റോക്ക് ചെയ്തത്.<br><br>യൂറിയ പോലുള്ള സബ്സിഡൈസ്ഡ് വളങ്ങൾ വലിയ തോതിൽ മിക്സിംഗിന് സ്റ്റോക്ക് ചെയ്തത്.<br><br>ജോയിന്റ് ഇൻസ്പെക്ഷൻ ടീം ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്തത്.<br><br>POS മെഷീൻ, സ്റ്റോക്ക് രജിസ്റ്റർ, ഫിസിക്കൽ സ്റ്റോക്ക് എന്നിവ തമ്മിലെ പൊരുത്തക്കേട്. |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം അല്ലാതെ റീട്ടയിൽ POS മെഷീനിൽ നിന്ന് സബ്സിഡൈസ്ഡ് വളം മിക്സിംഗ് യൂണിറ്റിലേക്ക് മാറ്റിയത്.<br><br>സമയബന്ധിതമായി 'ഒ' ഫോമുകൾ പുതുക്കാത്തത്.<br><br>ലൈസൻസ് ഇല്ലാതെ വളം വില്പന നടത്തിയത്.<br><br>ഗുണനിലവാരം ഇല്ലാത്ത വളം വില്പന നടത്തിയതിന്.<br><br>സബ്സിഡൈസ്ഡ് വളം റെസീപ്റ്റ് ഹാജരാക്കാത്തത്.<br><br>ബിൽഡിങ് നമ്പർ, ഡിസ്പ്ലേ ബോർഡ്, അസ്സൽ ലൈസൻസ് തുടങ്ങിയവ പ്രദർശിപ്പിക്കാത്തത് തുടങ്ങിയ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-യുടെ വിവിധ ലംഘനങ്ങളുടെ കാരണത്താൽ.<br><br>പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ DBT ഡയറക്ടർ, ജോയിന്റ് സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിക്കുകയും, പാർലമെന്റ് അംഗങ്ങളുടെ കോൺഫെറൻസിൽ അജണ്ടയിൽ ഉൾപ്പെടുത്തുകയും, കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ അവതരിപ്പിക്കുകയുമുണ്ടായി. നിലവിൽ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് മാർക്കറ്റിങ് ഫെഡറേഷൻ ഒഴികെ മറ്റുള്ള മിശ്രിത രാസവള യൂണിറ്റുകളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനികൾ നിലവിൽ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ലൈസൻസ് റദ്ദു ചെയ്ത 25 മിക്സിങ് യൂണിറ്റുകളിൽ 21 മിക്സിങ് യൂണിറ്റുകൾ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുറന്നു പ്രവർത്തിക്കുന്നു. |
| (സി) | ഇന്റഗ്രേറ്റഡ് ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റം ഇല്ലാത്തതിനാൽ സംസ്ഥാനത്ത് മിശ്രിത രാസവള യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) | **iFMSൽ ഉൾപ്പെട്ട മിക്സ്ചർ മാനുഫാക്ചറേഴ്സ് രജിസ്ട്രേഷൻ മൊഡ്യൂൾ 01-02-2023ൽ കേന്ദ്ര സർക്കാർ തുടങ്ങുകയും 28-02-2023 വരെ രജിസ്റ്റർ ചെയ്യുവാനായി സമയം നൽകുകയും ചെയ്തു. എന്നാൽ ഈ കാലയളവിൽ എല്ലാ മിക്സ്ചർ മാനുഫാക്ചറേഴ്സും പൂർണമായും രജിസ്റ്റർ ചെയ്തിരുന്നില്ല. കൂടാതെ ലൈസൻസ് റദ്ദ് ആക്കിയ മിക്സ്ചർ മാനുഫാക്ചറേഴ്സിന് മൊഡ്യൂളിൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചില്ല. ഇന്റഗ്രേറ്റഡ് ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റത്തിൽ മിശ്രിത രാസവള യൂണിറ്റുകളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുവാനായി സംസ്ഥാന സർക്കാർ കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ DBT ഡയറക്ടർ, ജോയിന്റ്** |

| | | | |
|---|---|---|---|
| | | | **സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ പാർലമെന്റ് അംഗങ്ങളുടെ കോൺഫെറൻസിൽ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ ഈ വിഷയം അവതരിപ്പിക്കുകയുമുണ്ടായി. സംസ്ഥാനത്ത് 55 എണ്ണം മിക്സിങ് യൂണിറ്റുകൾ iFMS രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്** |
| (ഡി) | മിശ്രിത രാസവളങ്ങളുടെ ക്ഷാമം സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാതിരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | മിശ്രിത രാസവളങ്ങളുടെ ക്ഷാമം സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാതിരിക്കുവാൻ സമയബന്ധിതമായി സബ്സിഡൈസ്ഡ് വളങ്ങളുടെ അനുമതി പത്രം മിശ്രിത രാസവള യൂണിറ്റുകൾക്ക് നൽകിവരുന്നു. കൂടാതെ ക്ഷാമം വരുന്ന വളങ്ങളുടെ വിവരം ആഴ്ചതോറുമുള്ള കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ വീഡിയോ കോൺഫെറൻസിൽ അവതരിപ്പിച്ച് സമയബന്ധിതമായി വളങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ